(ബി) ഏതെല്ലാം ജോലികളാണ് ഇനി ബാക്കിയുള്ളതെന്നും എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി 2016 മാർച്ചിൽ കമ്മീഷൻ ചെയ്യുമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നൽകിയ ഉറപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 90% പൂർത്തിയായി. കൈലാസംകുന്ന് ടാങ്കിന്റെയും ജലശുദ്ധീകരണശാലയുടെയും സോൺ (2), (3)-ന്റെ ജലവിതരണ ശൃംഖലയുടെയും തട്ടത്തുമല സബ് 20 പമ്പ് ഹൗസിന്റെയും സോൺ 1-ലെ ജലവിതരണ ശൃംഖല പി.വി.സി. പൈപ്പുകളുടെയും പണികൾ പൂർത്തിയായി. ബാക്കിയുള്ള പണികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) കാരേറ്റ്, തട്ടത്തുമല, ഇരട്ടിച്ചിറ എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമർ ബിൽഡിംഗിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ട്രാൻസ്ഫോർമർ, പമ്പ് മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. സോൺ 1-ൽ ബാക്കിയുള്ള 3300 മീറ്റർ പൈപ്പ് ലൈനിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഇരട്ടിച്ചിറ മുതൽ കിളിമാനൂർ ജംഗ്ഷൻ വരെയുള്ള പൈപ്പ് ലൈനിന്റെ ബാക്കിയുള്ള 300 മീറ്റർ പണി പുരോഗമിച്ചുവരുന്നു. 2016 മാർച്ചിലാണ് കമ്മീഷൻ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

ജലാശയ മലിനീകരണം

165 (854) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളും തോടുകളിലും കോളി ഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജലാശയങ്ങളിലെ മലിനീകരണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കുന്ന കോളിഫോം ബാക്ടീരിയയുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. 1974-ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമംമൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പ്ലാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയെ ജല നിയമ പ്രകാരമുള്ള അനുമതിപരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. കൂടാതെ 2000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള പാർപ്പിട ഉത്തുംഗ കെട്ടിടങ്ങൾക്കും (High rise building) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) നിലവിൽ തിരുവനന്തപുരം ജില്ലയിൽ 107 MLD ശേഷിയുള്ള ഒരു സീവേജ് ശുദ്ധീകരണ പ്ലാന്റും എറണാകുളം ജില്ലയിൽ ഇളംകുളത്ത് 4.5 MLD ശേഷിയുള്ള സീവേജ് ശുദ്ധീകരണ പ്ലാന്റും ശബരിമലയിലെ പമ്പയിൽ 3.5 MLD യുടെ സീവേജ് ശുദ്ധീകരണ പ്ലാന്റ് ശബരിമല സീസണിലും പ്രവർത്തിച്ചുവരുന്നു. കൂടാതെ സന്നിധാനത്ത് 5 MLD പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല. ഗുരുവായൂരിൽ 3 MLD ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സീവറേജ് സിസ്റ്റം (സീവർ ലൈനുകൾ) പൂർത്തീകരിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ് മാലിന്യം സംസ്കരിക്കുന്നതിനായി കോട്ടയത്തെ കുമരകത്തും, ആലപ്പുഴയിലെ കുന്നുമ്മയിലും ഓരോ സീവേജ് ശുദ്ധീകരണ പ്ലാന്റുകൾ നിലവിലുണ്ട്. കോട്ടയത്ത് ഗാന്ധിനഗറിലും കണ്ണൂരിൽ തളിപ്പറമ്പിലും ഓരോ ചെറിയ സീവേജ് ശുദ്ധീകരണ പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ കേരള സുസ്ഥിര നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സീവേജ് ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ സ്രോതസ്സുകളുടെ ജലം വിവിധതലത്തിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ശുദ്ധീകരിച്ചതിനുശേഷം ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന

ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ വിതരണം ചെയ്യാറുള്ളൂ. ജലസ്രോതസ്സുകൾ മലിനമാക്കുന്നത് പ്രധാനമായും ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത്, അഴുക്കുചാലുകൾ, ഓടകൾ എന്നിവ ജലാശയങ്ങളിലേക്ക് ഒഴുക്കിവിടുന്നത്, നഗരവത്ക്കരണത്തിന്റെ ഭാഗമായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്നിവമൂലമാണ്. ഇവ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, നഗരപ്രദേശങ്ങളിൽ, ജലാശയങ്ങളിലേക്ക് നേരിട്ട് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവല സ്ഥാപിക്കുന്ന പ്രവൃത്തി സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ, നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകളും നിർമ്മിച്ചുവരുന്നു.

മുനയം റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

166 (855) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് 21.75 കോടി രൂപ അനുവദിച്ചതിനെ തുടർന്നുള്ള പ്രവർത്തന പുരോഗതി വിശദീകരിക്കുമോ;

(ബി) സിംഗിൾ ലെയിൻ സ്ഥിരം ബണ്ട് നിർമ്മാണത്തിന്ന് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിനു കാരണം വിശദീകരിക്കുമോ;

(സി) സ്ഥിരം ബണ്ട് നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നാട്ടിക നിയോജക മണ്ഡലത്തിലെ മുനയം RCB-യുടെ നിർമ്മാണത്തിനായി G.O.(Rt)No. 1066/13/WRD നമ്പർ ഉത്തരവുപ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി ഇരട്ടവരിപ്പാതയോടെയുള്ള റഗുലേറ്റർ (7 മീറ്റർ വീതി) നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാവുകയും സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാവുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly